**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1444** **04.12.2014-ൽ മറുപടിക്ക്**

**പൊതുമരാമത്ത് വകുപ്പിലെ കരാർ കുടിശ്ശിക**

| ചോദ്യം<br>ശ്രീ.കെ.കെ. ജയചന്ദ്രൻ | മറുപടി<br>ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
|---|---|
| (എ) പൊതുമരാമത്ത് വകുപ്പിൽ കരാറുകാർക്ക് എന്ത് തുക കുടിശ്ശിക നൽകാനുണ്ടെന്ന് അറിയിക്കാമോ; എന്നു മുതൽക്കുള്ള കുടിശ്ശികയാണ് നൽകാനുള്ളത്; | (എ) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 01.01.2014 മുതൽ 30.09.2014 വരെ 1403.53 കോടി രൂപയും ദേശീയപാത വിഭാഗത്തിൽ 5/2014 മുതലുള്ള 52.43 കോടി രൂപയും കെട്ടിട വിഭാഗത്തിൽ 1/2014 മുതൽ 9/2014 വരെ 327 കോടി രൂപയും കുടിശ്ശികയുണ്ട്. |
| (ബി) കുടിശ്ശിക ലഭിക്കാത്തതു കാരണം പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ കരാറുകാർ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ കരാറുകാർ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) സാമ്പത്തിക പ്രതിസന്ധി കാരണം പണി പൂർത്തിയാക്കാൻ കഴിയാത്ത എത്ര പ്രവൃത്തികൾ സ്തംഭനാവസ്ഥയിലായിട്ടുണ്ടെന്ന് അറിയിക്കാമോ; | (സി) പ്രവൃത്തികൾ സതംഭനാവസ്ഥയിലായിട്ടില്ല. |
| (ഡി) കരാർ നൽകിയിട്ടും തുടങ്ങാൻ കഴിയാതെ എത്ര പ്രവൃത്തികൾ മുടങ്ങിക്കിടക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ? | (ഡി) കരാറുകാർക്ക് കുടിശ്ശിക നൽകാത്തതുമൂലം കരാർ നൽകിയിട്ടും തുടങ്ങാൻ കഴിയാതെ പ്രവൃത്തികൾ മുടങ്ങിക്കിടക്കുന്നില്ല. |

സെക്ഷൻ ഓഫീസർ